# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1292** — **11.06.2019-ൽ മറുപടിക്ക്**

## പുതുതായി അംഗീകാരം നൽകിയ സ്കൂളുകളുടെ വിവരം

| ചോദ്യം<br>ശ്രീ. വി.ടി. ബൽറാം | | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നിലവിൽ അംഗീകാരമില്ലാത്ത സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ എത്ര സ്കൂളുകളാണ് ഇങ്ങനെ പ്രവർത്തിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | ഉണ്ട്. 1393 സ്കൂളുകൾ നിലവിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ഇവയിൽ എത്ര സ്കൂളുകൾ അംഗീകാരത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്; | (ബി) യും (സി) യും | 2009 -ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 10.06.2013 -ലെ സ.ഉ. (കൈ) നം. 184/2013/പൊ.വി.വ. പ്രകാരം സംസ്ഥാന പാഠ്യപദ്ധതി പിന്തുടരുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുകയും അവ പാലിച്ച സ്കൂളുകൾക്ക് അംഗീകാരം നൽകുകയുമുണ്ടായി. സംസ്ഥാനത്ത് സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. പാഠ്യപദ്ധതിയിൽ പഠനം നടത്തിവന്ന സ്കൂളുകൾക്കും അതത് ബോർഡിന്റെ അഫിലിയേഷന് വേണ്ടി നിരാക്ഷേപസാക്ഷ്യ പത്രം നൽകുന്നതിന് വേണ്ട മാനദണ്ഡങ്ങൾ 07.10.2011 - ലെ സ.ഉ. (കൈ) നം. 202/2011/ പൊ.വി.വ. പ്രകാരം പുറപ്പെടുവിക്കുകയും അവ പാലിച്ച സ്കൂളുകൾക്ക് നിരാക്ഷേപസാക്ഷ്യ പത്രം നൽകുകയുമുണ്ടായി.<br>ഇതേതുടർന്ന് സംസ്ഥാന പാഠ്യപദ്ധതി പിന്തുടരുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനും സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ. പാഠ്യപദ്ധതിയിൽ പഠനം നടത്തുന്ന സ്കൂളുകൾക്ക് അതത് ബോർഡിന്റെ അഫിലിയേഷന് വേണ്ടി അംഗീകാരവും നിരാക്ഷേപസാക്ഷ്യ പത്രവും നൽകുന്നതിനും വേണ്ട നടപടി കൈക്കൊള്ളണമെന്ന ആവശ്യവുമായി ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത 31912/2014 ഉൾപ്പെടെ ഒരു കൂട്ടം റിട്ട് ഹർജികളിന്മേൽ അപ്രകാരമുള്ള അപേക്ഷകൾ പരിശോധിച്ച് നടപടി സ്വീകരിക്കുവാൻ |
| (സി) | ഇവയ്ക്ക് അംഗീകാരം നൽകാൻ സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | | |

05.07.2018-ൽ ബഹു.ഹൈക്കോടതി ഉത്തരവായി. തുടർന്ന് സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ. പാഠ്യപദ്ധതിയിൽ പഠനം നടത്തിവന്ന സ്കൂളുകളുടെ അപേക്ഷകൾ പരിശോധിക്കുന്നത് സംബന്ധിച്ച് കോടതി ഇടക്കാല ഉത്തരവ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ടി സ്കൂളുകൾക്ക് അതത് ബോർഡിന്റെ അഫിലിയേഷനു വേണ്ടി അംഗീകാരവും നിരാക്ഷേപസാക്ഷ്യ പത്രവും നൽകുന്നത് പരിശോധിക്കുന്നതിനാവശ്യമായ മാനദണ്ഡങ്ങൾ 01.03.2019-ലെ സ.ഉ.(കൈ) നം.22/19/പൊ.വി.വ പ്രകാരം പുറപ്പെടുവിക്കുകയുമുണ്ടായി. അതുപോലെ ബഹു. ഹൈക്കോടതി ഇടക്കാല ഉത്തരവ് നൽകിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പാഠ്യപദ്ധതി പിന്തുടരുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ 22.5.2019 -ലെ സ.ഉ. (കൈ) നം.45/2019/പൊ.വി.വ പ്രകാരം പുറപ്പെടുവിക്കുകയുമുണ്ടായി.

തുടർന്ന് മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി അതത് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് ലഭിക്കുന്ന അപേക്ഷ വിശദമായ പരിശോധന നടത്തിയ ശേഷം പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കുവാനും ഡയറക്ടറുടെ ശിപാർശയോടെ സർക്കാരിന് സമർപ്പിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതനുസരിച്ചുള്ള നടപടികൾ വിദ്യാഭ്യാസ അധികാരികൾ സ്വീകരിച്ചു വരികയാണ്. ബഹു. ഹൈക്കോടതിയിൽ 31912/2014 ഉൾപ്പെടെ റിട്ട് ഹർജികൾ ഫയൽ ചെയ്ത ഹർജിക്കാർക്ക് മാത്രമായാണ് അപേക്ഷ നൽകുന്നതിനുള്ള അവസരം നൽകിയിട്ടുള്ളത്.

(ഡി) കഴിഞ്ഞ അധ്യയന വർഷം പുതുതായി അംഗീകാരം നൽകിയ സ്കൂളുകളുടെ വിശദവിവരം ലഭ്യമാക്കാമോ?

(ഡി) ബഹു.കേരള ഹൈക്കോടതി വിധിപ്രകാരം പാലക്കാട് പൊമ്പ്ര പാണക്കാട് പൂക്കോയ തങ്ങൾ മെമ്മോറിയൽ ഹൈസ്കൂളിനും കോഴിക്കോട് പുറക്കാട് വിദ്യാസദനം മോഡൽ സ്കൂളിനും സ്ഥിരാംഗീകാരം നൽകി ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ